


# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 2 • ISSUE : 4 APRIL 2008


## എഡിറ്റോറിയൽ

### പോരാട്ടമല്ല നിരപ്പാണാവശ്യം

ദക്ഷിണാഫ്രിക്കയിലെ അപ്പാർത്തീഡെന്ന കിരാതമായ വർണ്ണ വിവേചന നയത്തിനെതിരെയുള്ള കറുത്തവരുടെ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ നെൽസൺ മണ്ഡേലക്ക് 27 വർഷം ജയിൽവാസം അനുഭവിക്കേണ്ടിവന്നു. ജയിൽവിമോചിതനായ ശേഷം സ്വതന്ത്രരാഷ്ട്രത്തിന്റെ പ്രഥമപ്രസിഡണ്ടായി രാഷ്ട്രത്തോടു ചെയ്ത പ്രസംഗത്തിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു. കറുത്തവരായ എന്റെ സഹോദരങ്ങൾ വെളുത്തവരോടു പകരം വീട്ടാൻ പോകാതെ ഇനി രാഷ്ട്ര നിർമ്മാണത്തിനുശ്രമിക്കണം. ഇനി നമുക്കാവശ്യം പോരാട്ടമല്ല, നിരപ്പാണ്. അനുരഞ്ജനം അഥവാ നിരപ്പ് ദൈവഭയമുള്ളിടത്തുമാത്രം നടക്കുന്ന പദ്ധതിയാണ്.

ഇടവകകളിലും, സഭയിലും, രാഷ്ട്രീയപാർട്ടികളിലും എല്ലാം പൊതുജീവിതം കൂടുതൽ അരോചകമാക്കുന്നതിന് ചില നേതാക്കന്മാർ ശ്രമിക്കാറുണ്ട്. കഴിവുകുറഞ്ഞ നേതാക്കന്മാർക്ക് ഗ്രൂപ്പുകൾ ഉണ്ടായില്ലെങ്കിൽ നിലനില്പില്ല എന്ന തോന്നലാണ് ഈ വക കാര്യങ്ങളിൽ അവരെ നയിക്കുന്ന വിശ്വാസം. ഒരുമിച്ചു നില്ക്കുന്ന ജനങ്ങളെ ചിതറിച്ച് (പുറ 5:12) ഐക്യം നഷ്ടപ്പെടുത്തി, അവരുടെ സംഘടനാശക്തിയെ നശിപ്പിച്ചാണ് ഈ തരത്തിലുള്ളവർ നിലനില്ക്കുന്നതെന്നു കാണാം.

ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന് എന്നപോലെ മനസ്സോടെചെയ്‌വിൻ(കൊലൊ 3:23). നേതാക്കന്മാരുടെ ചിന്ത ഇതായിരിക്കണം. സഭയാണ് ജനനന്മയ്ക്ക് ഏറ്റവും കൂടുതൽ പ്രവർത്തിക്കേണ്ടത്. ദൈവികശക്തിയുപയോഗിച്ച് അവിശ്വാസികളായവരെ വിശ്വസിച്ച് അവരെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുവാൻ സാധിക്കണം. ജനശുശ്രൂഷയിലൂടെ മാത്രമേ അവരുടെ വിശ്വാസം നേടിയെടുക്കുവാൻ സഭയ്ക്കു സാധിക്കുകയുള്ളൂ. ഒരിക്കൽ ഒരു സുവിശേഷകൻ പറയുകയുണ്ടായി കേരളത്തിലെ സഭകൾക്കുള്ള ഏറ്റവും വലിയ കോട്ടം പണത്തിന്റെ കൂടുതൽകൊണ്ടാണെന്ന്. ആ പണം ഉപയോഗിച്ച് നല്ല കാര്യങ്ങൾ ചെയ്യുവാനല്ല, അതെങ്ങനെ സ്വന്തതാല്പര്യങ്ങൾക്ക് വേണ്ടി ദുരുപയോഗം ചെയ്യാമെന്നാണ് നേതൃനിരയിലുള്ള ചിലരുടെയെങ്കിലും ചിന്ത. സാമൂഹ്യസേവനം സഭയുടെ ഒരു പ്രധാനവിഷയമായി ഇതുവരെ ആരും കരുതിയിട്ടില്ല. സേവനംകൊണ്ട് ബാക്കിയുള്ളവരുടെ വിശ്വാസം നേടിയെടുക്കുവാൻ ശ്രമിക്കയാണ് വേണ്ടത്. കരുതലും സ്നേഹവും കൊടുത്ത് സഹകരണം നേടുവാൻ ശ്രമിക്കണം. യേശു കരഞ്ഞത് സ്വന്തം കാര്യമോർത്തല്ല. യരുശലേം നശിക്കുന്നതിനെക്കുറിച്ച് വിചാരപ്പെട്ടായിരുന്നു. ഒരു സമൂഹത്തെ വിശ്വാസത്തിലെടുത്ത് അവരെ രക്ഷിക്കുവാൻ യേശുക്രിസ്തു ശ്രമിച്ചതുപോലെ നമുക്കും ശ്രമിക്കരുതോ? ആലോചനായോഗങ്ങളും കമ്മറ്റിയുണ്ടാക്കലും മാത്രമാകാതെ സഭയ്ക്ക് ചെയ്യാവുന്ന ചെറിയ കാര്യങ്ങൾ കാര്യക്ഷമമായി സമൂഹത്തിനുവേണ്ടി ചെയ്യാൻ ശ്രമിക്കരുതോ? സമൂഹനന്മയ്ക്ക് പോരാട്ടമല്ല ആവശ്യം. സമൂഹത്തിനു നന്മചെയ്തു കാണിച്ചുകൊടുത്താൽ മാത്രമേ സഭാമക്കളുടെ വിശ്വാസം നിലനിർത്തുവാനും ബാക്കിയുള്ളവർക്കുവേണ്ടി ചിന്തിക്കുവാൻ അവരെ പ്രേരിപ്പിക്കുവാനും സാധിക്കുകയുള്ളൂ. പ്രസംഗമല്ല പ്രവർത്തിയാണ് കൂടുതൽ ആവശ്യം. സാമൂഹ്യപ്രവർത്തനത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് ദൈവനാമം പ്രചരിപ്പിക്കലായിരിക്കണം സഭകളുടെ പ്രധാന ദൗത്യം. അതു സാധിച്ചാൽ പോരാട്ടത്തിലേക്കുള്ള വഴിയടഞ്ഞ് നിരപ്പിലേക്കുള്ള പാത തന്നെ തുറക്കപ്പെടും.

# രുചിച്ചറിഞ്ഞ തോമ്മാശ്ലീഹ


**വ.ദി.ശ്രീ. എൽദോറമ്പാൻ**

മാനേജർ, സെന്റ് തോമസ് ദയറ, മുളന്തുരുത്തി.


പുതുഞായർ നമുക്കു നല്കുന്ന സന്ദേശം യേശുവിനെ തൊട്ടനുഭവിച്ച മാർത്തോമ്മാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനമാണ്. ഒരു മായക്കാഴ്ചയോ വിഭ്രമമോ അല്ല പ്രത്യുത പരമസത്യമായ ഒന്ന് തൊട്ടറിയുന്നു തോമാശ്ലീഹ. നമ്മിൽ പലരും അറിയുന്നതുപോലെയല്ല അവൻ തന്റെ ഗുരിവനെ അറിഞ്ഞത്. അതിനാലാണ് മറ്റുസ്ഥലങ്ങളിലേക്ക് ശിഷ്യൻമാർ ഈരണ്ടായി പോയപ്പോൾ തോമാശ്ലീഹാ ഒറ്റയ്ക്കു വിദൂരസ്ഥലമായ ഇന്ത്യയിലേക്കുവന്നത്. ഏറ്റവും കൂടുതൽദൂരം ഇന്ത്യയിലേക്കായിരുന്നുവല്ലോ. യഹോവ നല്ലവനെന്ന് രുചിച്ചറിയുവാൻ സങ്കീർത്തനക്കാരൻ തന്റെ ജീവിതാനുഭവത്തിൽ നിന്നു പറയുന്നു. (സങ്കീ. 34)

വി.മർക്കോസിന്റെ സുവിശേഷത്തിൽ ത്രിത്വത്തിൽ രണ്ടാമനായ നമ്മുടെ കർത്താവിനെ മൂന്നു രീതിയിൽ വ്യത്യസ്തരായ ആളുകൾ അറിയുന്നതായി കാണുന്നു. പിതൃനഗരത്തിൽ അവിടത്തുകാർ യേശുവിനെ ഒരു മുൻവിധിയോടെ 'ഇവൻ ആ തച്ചന്റെ മകൻ അല്ലയോ... ഇവന്റെ സഹോദരൻമാർ ഇവിടെ നമ്മോടൊപ്പമില്ലേ?' എന്നു ചോദിക്കുകയും 'ഇവന് ഇവ എവിടെനിന്നു കിട്ടി ' എന്ന് ആശ്ചര്യപ്പെടുകയും ചെയ്യുന്നു. കർത്താവ് അവരുടെവിശ്വാസമില്ലായ്മയിൽ അത്ഭുതം കൂറുന്നു. കർത്താവിന് അവിടെ അത്ഭുത പ്രവർത്തിയൊന്നും ചെയ്യാൻ കഴിയുന്നില്ല.

വി. മർക്കോസ് 6:45-52 ൽ കർത്താവ് ശിഷ്യന്മാരെ ധൈര്യപ്പെടുത്തുന്ന സന്ദേശം നൽകുന്നത് കാണുന്നു. പകലത്തെ ഭാരം മൂലം വലഞ്ഞ തന്റെ ശിഷ്യന്മാരോട് അക്കരെ പോയി വിശ്രമിക്കാൻ യേശു പറഞ്ഞു. അവർ പോകുമ്പോൾ കടലിലെ കാറ്റും കോളും അവരെ വലയ്ക്കുന്നു. അവരുടെ പ്രതിസന്ധിഘട്ടത്തിൽ കടലിനുമീതെ നടന്ന് അവരുടെ സമീപമെത്തിയ രക്ഷകനെ അവർ ഭൂതമായിട്ടാണ് മനസ്സിലാക്കുന്നത്. രാത്രിയുടെ ഇരുട്ടും മനസ്സിന്റെ ഭാരവും നിമിത്തം യേശുവിനെ തിരിച്ചറിയാനാവാത്ത അവസ്ഥയിലേക്ക് അവരെ എത്തിക്കുന്നു. പക്ഷേ, കർത്താവിന്റെ ഞാനാകുന്നു എന്ന ശബ്ദം അവരെ സങ്കടത്തിൽ നിന്നു കരകയറ്റുന്നു.

വി. മർക്കോസ് 6:53 - 56 വായിക്കുമ്പോൾ കർത്താവിനെ പൂർണ്ണമായും അറിഞ്ഞ ഒരു വലിയ സമൂഹം ഗന്നേസരത്തിന്റെ കരയിൽ കർത്താവിൽ നിന്ന് വൻ കാര്യങ്ങൾ സ്വീകരിക്കുന്നത് കാണുന്നു.

ആകയാൽ നാം കർത്താവിനെ അറിയേണ്ടതുപോലെ അറിയണം. രുചിച്ചറിയണം. കർത്താവിനെ മാത്രമല്ല, നമ്മുടെ കുടുംബാംങ്ങളെ അറിയണം. സ്നേഹിതരെ അറിയണം. സമൂഹത്തെ അറിയണം. നാം നമ്മെത്തന്നെ അറിയണം. ഒരിക്കൽ ഒരു സന്ന്യാസസമൂഹം താമസിക്കുന്ന ദയറായിൽ മറ്റൊരു സന്ന്യാസി വന്നു. ദയറായിൽ അംഗങ്ങൾ നാലുപേരാണ്. വന്ന സന്ന്യാസിയോട് അവർ ഒരു പരിഭവം പറഞ്ഞു. ഞങ്ങൾ വയസ്സരാണ്. ഞങ്ങളുടെ കാലശേഷം ഈ ദയറാ നിന്നുപോകും. കുറച്ചു ദിവസങ്ങൾ അവിടെ താമസിച്ചശേഷം പോകുവാൻ നേരം പുതുതായി വന്ന സന്ന്യാസി പറഞ്ഞു. നിങ്ങളിലൊരാൾ ക്രിസ്തുവാണ്. ആ വാക്ക് അവരെ തങ്ങളെക്കുറിച്ച് ചിന്തിക്കുവാൻ ഇടയാക്കി. ഓരോരുത്തരും ചിന്തിച്ചു. ഞാനാണോ ക്രിസ്തു? അങ്ങനെയെങ്കിൽ ഞാൻ ക്രിസ്തുവിനെപ്പോലെ പെരുമാറണം. ഇനി മറ്റുമൂന്നുപേരിൽ ആരെങ്കിലുമാണോ? അങ്ങനെയെങ്കിൽ എന്റെ പെരുമാറ്റം ക്രിസ്തുവിനോട് പെരുമാറുന്നതുപോലെ ആകണം. കുറെ വർഷങ്ങൾക്കുശേഷം ആ സന്ന്യാസി വീണ്ടും ആ ദയറായിൽ വന്നു. അപ്പോൾ അവിടെ ധാരാളം അംഗങ്ങൾ ഉണ്ടായിരുന്നു.

നമ്മുടെ ജീവിതത്തിലും ഇത്തരമൊരു മാറ്റത്തിനാണ് ഉയർപ്പിന്റെ ശക്തി നിർബന്ധിക്കുന്നത്. ഓരോരുത്തരും അവനവന്റെയുള്ളിലെ ക്രിസതുവിനെ കണ്ടെത്താനും ഒപ്പം മറ്റുള്ളവരിലെ ക്രിസ്തുവിനെ തിരിച്ചറിയുവാനും സാധിക്കുന്ന ജീവിത പരിസരങ്ങൾ രൂപപ്പെടുത്തുവാൻ.....

## വികാരിയുടെ കത്ത്

# യേശുവിന്റെ കുരിശിലെ വാക്കുകൾ

ദൈവത്തിനു മഹത്വം. കർത്താവിൽ പ്രിയരേ, ക്രൂശിൽ കിടന്ന് സകലവും നിവൃത്തിയായി എന്നരുളിയ കർത്താവായ യേശുക്രിസ്തുവിന്റെ നിസ്തുല നാമത്തിൽ സ്നേഹവന്ദനം.

കഴിഞ്ഞ മാസം നാം ഇന്ത്യയുടെ കാവൽ പിതാവായ മാർ തോമാശ്ലീഹായുടെ സ്വഭാവത്തെക്കുറിച്ചാണാലോചിച്ചത്. ഇപ്പോൾ നമുക്ക് നമ്മുടെ കർത്താവായ യേശുക്രിസ്തു കുരിശിൽവെച്ച് മൊഴിഞ്ഞ വാക്കുകളെ ധ്യാനത്തോടെ ചിന്തിക്കാം.

ഒരു വ്യക്തിയുടെ മരണ സമയത്ത് പറയുന്ന കാര്യങ്ങൾ നാം വളരെ ശ്രദ്ധയോടെ കേൾക്കാറുണ്ട്. എന്നാൽ നമ്മുടെ രക്ഷകന്റെ വാക്കുകൾക്കായി നമുക്ക് കാതോർക്കാം. എബ്രായ ലേഖന കർത്താവ് നമ്മേ ഓർപ്പിക്കുന്നതുപോലെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുക.

**ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ.** ക്രൂശിൽകിടന്ന തന്നെ ഉപദ്രവിച്ച, നിന്ദിച്ച, പരിഹസിച്ച, അവനെ ക്രൂശിക്കണം എന്ന് അട്ടഹസിച്ച ജനത്തിനുവേണ്ടി പിതാവിനോട് മദ്ധ്യസ്ഥത കല്പിച്ചു പ്രാർത്ഥിക്കുന്ന യേശു കണ്ണിനുപകരം കണ്ണ്, പല്ലിനുപകരം പല്ല് എന്ന ന്യായ പ്രമാണ വ്യവസ്ഥയിൽ നിന്നു മാറി സ്നേഹിക്കുന്ന, ക്ഷമിക്കുന്ന പുതിയ നിയമവ്യവസ്ഥിതി നമുക്കു കാണിച്ചുതരുന്നു (യോഹ 13 : 34,35). തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു.(റുമഈറപ 13:3435) യേശു മാതൃക കാണിച്ചു തരുന്നു. പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നു. 1 കൊരി 13 ൽ സ്നേഹം എന്താണെന്നു പറയുന്നു. സ്നേഹം ദീർഘമായി ക്ഷമിക്കുന്നു. ഇവരോടു ക്ഷമിക്കേണമേ.

**ഇന്നു നീ എന്നോടുകൂടെ പറുദീസയിലിരിക്കും.** പിന്നെ അവൻ യേശുവേ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെയുംകൂടി ഓർത്തു കൊള്ളേണമേ. എന്നു പറഞ്ഞു. യേശു അവനോട് ഇന്ന് നീ എന്നോടുകൂടെ പറുദീസയിലിരിക്കും എന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു. (ലൂക്കോ 23 : 42,43).

ക്രൂശിലെ ഒരു കള്ളൻ നാം ചെയ്തതിനു തക്ക ശിക്ഷ പ്രാപിക്കുന്നു എന്നാൽ ഇവൻ ഒരു കുറ്റവും ചെയ്തിട്ടില്ല 1) പാപമില്ലാത്തവൻ 2) ഇവൻ രാജാവാണ് 3) ഇവൻ മടങ്ങിവരും ഈ പശ്ചാത്താപിച്ച കള്ളന്റെ വാക്കുകേട്ട യേശുപറഞ്ഞു. ഇന്നു നീ എന്നോടുകൂടെ പറുദീസയിലിരിക്കും. എത്ര ആനന്ദകരമായ സ്ഥാനം. ദൈവത്തോടുകൂടെ പറുദീസയിൽ ഇരിക്കുക എന്നത്.

**ഇതാ നിന്റെ അമ്മ. ഇതാ നിന്റെ മകൻ** (യോഹ 19:25 - 27) ക്രൂശിൽ കിടക്കുമ്പോഴും യേശുവിന് തന്റെ അമ്മയോട് കരുതലുണ്ടായിരുന്നു. വിശുദ്ധമറിയത്തെ സ്നേഹശിഷ്യനായ യോഹന്നാനെ ഏൽപ്പിക്കുന്നു. സ്വന്തഭവനത്തിനു വേണ്ടി കരുതാത്തവൻ അവിശ്വാസിയേക്കാൾ അധമനാണ് എന്ന് പൗലൂസ് ശ്ലീഹ എഴുതുന്നു(തീമോ 5:8). നിന്റെ അമ്മ വൃദ്ധയാകുമ്പോൾ അവളെ നിന്ദിക്കരുത്. കരുതണം. ബഹുമാനിക്കണം. എന്ന് തിരുവചനം പഠിപ്പിക്കുന്നു.

**എന്റെ ദൈവമേ എന്റെ ദൈവമേ നീയെന്നെ കൈവിട്ടതെന്ത്?** (മത്താ 27:45, 46) ഏതു പ്രവർത്തി ചെയ്യുമ്പോഴും യേശു പിതാവിനോട് ചോദിക്കുകയും പിതാവ് പുത്രനോടുകൂടെ ഇരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പിതാവ് പുത്രനെ കൈവിട്ടു. ഇതാണ് യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമയം. ആസമയത്ത് കർത്താവ് തന്റെ ദൗത്യത്തിൽ നിന്നു മാറിയില്ല. ഇവിടെയാണ് ദൈവസ്നേഹത്തിന്റെ മൂർത്തീഭാവം നാം കാണുന്നത്.

**എനിക്കു ദാഹിക്കുന്നു.** ഈ ദാഹം ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹമാണ്. ലോകം കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് പിന്നേയും ദാഹിക്കും. എന്നാൽ ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല (യോഹ 1 : 14). തീക്കൽ പാറയിൽ നിന്നു വെള്ളംകൊടുത്തവന് ദാഹിക്കുന്നു. ഇത് ആത്മാക്കൾക്കുവേണ്ടിയുള്ള ദാഹമാണ്.

**നിവൃത്തിയായി** (യോഹ 19 : 30) 90 വയസായ വ്യക്തിയോടു ചോദിച്ചാൽ കിട്ടുന്ന ഉത്തരം പലതാണ്. കടം കൊടുത്തു തീർന്നിട്ടില്ല, വീടുപണി തീർന്നില്ല. കുഞ്ഞുമക്കളുടെവിവാഹം നടന്നില്ല. എല്ലാം ചെയ്തു കഴിഞ്ഞില്ല. അല്പകാലം കൂടി കിട്ടിയാൽ കുറച്ചുകൂടി ചെയ്യാം. എന്നാൽ 33 വയസ്സുമാത്രം ജീവിച്ച യുവാവായ യേശു പറഞ്ഞു ഒന്നും ബാക്കിയില്ല, എല്ലാം ചെയ്തുകഴിഞ്ഞു. എല്ലാം നിവൃത്തിയായി. മനുഷ്യന്റെ വീണ്ടെടുപ്പു വിലകൊടുത്തുകഴിഞ്ഞു. എല്ലാവർക്കുംവേണ്ടി മരണശിക്ഷ അനുഭവിച്ചു. മനുഷ്യനേയും ദൈവത്തേയും തമ്മിൽ നിരപ്പിച്ചു. മനുഷ്യവർഗ്ഗത്തെ വിലക്കുവാങ്ങി. സാത്താന്റെ മേൽ വിജയം നേടി. എല്ലാം നിവൃത്തിയായി. പൂർണ്ണ സംതൃപ്തി.

**പിതാവേ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഭാരമേൽപ്പിക്കുന്നു.** (ലൂക്കോ 23:46) ഏഴാമത്തെ മൊഴി യേശുവിന്റെ മരണമൊഴി. യേശു മരിക്കുമ്പോൾ നിരാശയില്ല. സംതൃപ്തിയോടെ, പ്രത്യാശയോടെ നാം ഈ ഭൂമിയിൽനിന്നും മാറ്റപ്പെടുമ്പോൾ തികഞ്ഞ ഉറപ്പോടെ ആത്മാവിനെ ദൈവസന്നിധിയിൽ ഏൽപ്പിച്ചുപോകാൻ നാം ഒരുങ്ങണം. ആകയാൽ നാം മരണത്തെ ഭയപ്പെടേണ്ടതില്ല. മരണം സ്വർഗ്ഗത്തിലേക്കു കടക്കാനുള്ള വാതിലിന്റെ താക്കോലാണ്. അതുകൊണ്ട് മരണത്തെ നാം എന്തിനു ഭയപ്പെടണം. ഹേ മരണമേ നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ? യേശു മരണത്തെ ജയിച്ചു. ആകയാൽ നാമും മരണത്തെ ജയിക്കും. പ്രത്യാശയോടെ കർത്താവിന്റെ വീണ്ടും വരവിനുവേണ്ടി ഒരുങ്ങാം. അതിന് കർത്താവ് നമ്മേ സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ.

**നിങ്ങളുടെ ഇടമ്പാടത്തച്ചൻ**

## ഓർമ്മയിൽ നിന്ന്

### *ആറുപതിറ്റാണ്ടു മുമ്പത്തെ സണ്ടേസ്കൂൾ ഓർമ്മയിൽ നിന്ന് ഒരു ഗീതം.*

**സി. എം. ചാക്കുണ്ണി**

*(ദൈവമേ നീപരിശുദ്ധനാകുന്നു എന്നതിന്റെ*
*പദ്യരൂപം - ശുദ്ധൻ നീ ആലോഹോ എന്ന പോലെ)*

ദൈവമേ നീ പരിശുദ്ധൻ ബലവാൻ
നീ പരിശുദ്ധൻ
മൃത്യുവില്ലാത്തവനെ നീശുദ്ധൻ
മാർപരിശുദ്ധൻ
ഞങ്ങൾക്കായി വൻകുരിശിന്മേൽ
തൂങ്ങിയ നാഥാ
അനുഗ്രഹം ചെയ്യണമേ
ഞങ്ങൾക്കളവില്ലാതെ

## ഒരു തിരുത്ത്

നമ്മുടെ പള്ളിയിൽ രണ്ടു ക്രിസ്തുമസ്, ഡിസംബർ 25നും, ജനുവരി 7നും എന്ന മിസ്റ്റർ തോമസിന്റെ കുറിപ്പിന് ഒരു തിരുത്ത്.

ഗ്രീഗോറിയൻ കലണ്ടർ സ്വീകരിച്ചുകൊണ്ട് പ. പാർത്രിയാർക്കീസിന്റെ കല്പന പ്രകാരമാണ് 1952 ഡിസംബർ 25ന് നമ്മുടെ പള്ളിയിൽ ബ. മുരിക്കൽ അച്ചൻ ക്രിസ്തുമസ് ആരാധന നടത്തിയത്. കാതോലിക്കാ പക്ഷം ജനുവരി 7ന് വീണ്ടും ക്രിസ്തുമസ് ആരാധന നടത്താൻ തീരുമാനിക്കുകയും ഇടവക മെത്രാപ്പൊലീത്ത ആയിരുന്ന പ. ഔഗേൻ മാർ ഒസ്താത്തിയോസ് തിരുമേനിയെ (പിന്നീട് കാതോലിക്കാ) പ്രത്യേകം ക്ഷണിച്ചുവരുത്തുകയും ചെയ്തു. ഇതുമൂലം നമ്മുടെ പള്ളിയിൽ ഒരു വിധത്തിലും ഉള്ള കലഹങ്ങൾ ഉണ്ടായില്ല എന്നുള്ളത് ഒരു സന്തോഷകരമായ വാസ്തവം.

**പൗലോസ് എം. മാത്യു, മനയിടം**

ധ്യാനനിമിഷങ്ങൾ

# എനിക്കും ഇതിനുള്ളിൽ പ്രവേശനമില്ല

(ഫാ. ടി.ജെ. ജോഷ്വ)

ആഫ്രിക്കയിലെ ഒരു ഗ്രാമത്തിൽ വെള്ളക്കാരും കറുത്തവർഗ്ഗക്കാരും സംയുക്തമായി ഒരു പള്ളി പണിതു. അതിനുവേണ്ടി കഠിനമായി അദ്ധ്വാനിച്ച ഒരു കറുത്തവർഗ്ഗക്കാരൻ അതിന്റെ പൂർത്തീകരണം കാണാൻ അത്യധികം ആഗ്രഹിച്ചു. അവസാനം പണി പൂർത്തിയായി. ആരാധന ആരംഭിച്ചു. അപ്പോൾ വെള്ളക്കാർ ഒരു പുതിയ നിയമം നടപ്പാക്കി. കറുത്തവർഗ്ഗക്കാർക്കു ദേവാലയത്തിനുള്ളിൽ പ്രവേശനമില്ല. അധികാരം കയ്യാളുന്ന വെള്ളക്കാരോട് എതിർക്കാൻ നീഗ്രോകൾക്കു കഴിഞ്ഞില്ല.

മേൽപ്പറഞ്ഞ നീഗ്രോയുവാവ് അതീവ ദുഃഖിതനായി. അവൻ ദേവാലയപരിസരത്തുതന്നെ നിലകൊണ്ടു. അപ്പോൾ അവന്റെ മുന്നിൽ ഒരു ദിവ്യരൂപം പ്രത്യക്ഷപ്പെട്ടു. അവൻ ആശ്ചര്യഭരിതനായി നിൽക്കുമ്പോൾ ദിവ്യാഗതൻ ചോദിച്ചു. നീ എന്തിനാണ് വിഷമിച്ചു നിൽക്കുന്നത്? നീഗ്രോയുവാവ് മറുപടി പറഞ്ഞു. ഞാൻകൂടി എല്ലുനുറുങ്ങി പണിയെടുത്തു നിർമ്മിച്ച ഈ ദേവാലയത്തിനുള്ളിൽ പ്രവേശിക്കാനോ അവിടെയുള്ള അൾത്താരയുടെ മുമ്പിൽ നിന്നു പ്രാർത്ഥിക്കാനോ വെള്ളക്കാർ എന്നെ അനുവദിക്കുന്നില്ല.

സാരമില്ല, എനിക്കും ഇതിനുള്ളിൽ പ്രവേശിക്കാൻ കഴിഞ്ഞിട്ടില്ല. ആ ദിവ്യരൂപം മൊഴിഞ്ഞു. നീഗ്രോയുവാവു ചോദിച്ചു. അങ്ങ് ആരാണ്? അങ്ങയെ തടയുന്നത് എന്തുകൊണ്ടാണ്? മറുപടി. ആർക്കുവേണ്ടിയാണോ ഈ ദേവാലയം നിർമ്മിച്ചത്, ആ ക്രിസ്തുയേശുവാണ് ഞാൻ. ശാന്തിയുടെയും, സ്നേഹത്തിന്റെയും മൂർത്തീഭാവമായ ദൈവം, വിദ്വേഷവും വൈരാഗ്യവും ശത്രുതയും പുലർത്തുന്നിടത്ത് എങ്ങനെ വസിക്കും? എല്ലാ മതവിശ്വാസികളും ഗൗരവപൂർവ്വം ചിന്തിക്കേണ്ട വിഷയമാണ്. നാം നടത്തുന്ന ആത്മീയാനുഷ്ഠാനങ്ങൾ വെറും ചടങ്ങുകളായി തരംതാണുപോകുന്നില്ലേ? അവയിൽ നിന്നുള്ള ആത്മീയ ചൈതന്യം നമ്മുടെ വ്യാവഹാരിക ജീവിതത്തിലേക്കു കടന്നെത്തുന്നുണ്ടോ?

മതത്തിന്റെ സ്ഥായിയായ സന്ദേശം സ്നേഹമാണ്. ദൈവം സ്നേഹമാണെന്നും അവിടുത്തെ ആരാധിക്കുന്നവൻ സ്നേഹത്താൽ നിറഞ്ഞ് അന്യോന്യം സഹോദരങ്ങളെപ്പോലെ വർത്തിക്കണമെന്നും പഠിപ്പിക്കുന്നു. ആരാധനയിൽ നിന്നാർജ്ജിക്കുന്ന ആത്മീയ ഊർജ്ജവും, അനുഗ്രഹവും മനുഷ്യബന്ധങ്ങളിലും, പ്രവർത്തനമേഖലകളിലും പ്രതിഫലിക്കേണ്ടതാണ്. അപ്പോൾ ആരാധനാലയങ്ങൾ ജീവിതത്തിന്റെ ചാലകശക്തിയും പ്രചോദനകേന്ദ്രവുമായിത്തീരും. എന്നാൽ സ്ഥാനമോഹവും, നിക്ഷിപ്തതാല്പര്യവും, കുടിലചിന്തകളും കടന്നു കയറുമ്പോൾ, ദേവാലയങ്ങൾ പോരാട്ടത്തിന്റെ വേദിയായി മാറും. മനുഷ്യരെ ആത്മീയ ഔന്നത്യത്തിലേക്ക് ഉയർത്താനുള്ള പള്ളിയും മറ്റ് ആരാധനാസ്ഥലങ്ങളും പോരാട്ടങ്ങളുടെയും, പോർവിളികളുടെയും വേദികളായി മാറിക്കൊണ്ടിരിക്കുന്നു.

സ്നേഹമൂർത്തിയായ ക്രിസ്തുവിന്റെ ദിവ്യസംസർഗ്ഗം അനുഭവിച്ച് സ്നേഹത്തിന്റെ ചാനലുകളായി വർത്തിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വിശ്വാസികൾ വിദ്വേഷത്തിന്റെ വിഷംവമിക്കുന്ന ധൂമകേതുക്കളായി മാറിയാലോ? മതഭ്രാന്തിളക്കിവിട്ടാൽ ദേവാലയങ്ങളെ തകർക്കാൻ മടിക്കയില്ല. പരിശുദ്ധന്മാരുടെ പുണ്യസങ്കേതങ്ങൾ തന്നെ പോരാട്ടങ്ങളായി മാറും. കുടത്തിനകത്തെ ഭൂതത്തെ ഇറക്കിവിട്ടാൽ പിന്നീട് അതിനെ തിരികെ കയറ്റാൻ എളുപ്പമല്ല. അതിന്റെ വിക്രിയകൾ തുടർന്നുകൊണ്ടേയിരിക്കും.

സ്നേഹത്തിന്റെ അപ്പോസ്തലനായ യോഹന്നാൻ എഴുതി.

അന്ത്യകാലത്ത് ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ ഉണ്ടാകും. അവർ ഭിന്നതയുണ്ടാക്കുന്നവർ, പ്രാകൃതന്മാർ, ആത്മാവില്ലാത്തവർ. ഭിന്നതയുണ്ടാക്കുന്നവരെക്കുറിച്ച് യേശുക്രിസ്തു കല്പിച്ചത് അവർക്ക് അയ്യോ കഷ്ടം എന്നാണ്. അവർക്കു നൽകേണ്ട ശിക്ഷയും അവിടുന്നു നിർദ്ദേശിച്ചു. വലിയ ബ്രഹ്മാണ്ഡൻ കല്ല്, (കഴുത തിരിക്കുന്ന തിരികല്ല്) കഴുത്തിൽ കെട്ടി സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുക. ഭിന്നതയുണ്ടാക്കുന്നവർ ആരുതന്നെ ആയാലും കഠിനമായ ശിക്ഷയ്ക്കർഹരാണെന്നു വ്യക്തം.

കുറ്റം നമ്മിലല്ല; എപ്പോഴും മറ്റുള്ളവരിലാണ് എന്നുള്ള മനോഭാവം പ്രശ്നങ്ങൾ പരിഹരിക്കുകയില്ല. സ്വയം പരിശോധിക്കുന്നതിനും സ്വന്തം തെറ്റു തിരുത്തുന്നതിനും ശ്രമിക്കയാണു വേണ്ടത്. അക്രൈസ്തവനായ ശ്രീ. കെ.പി.എസ്. മേനോൻ നടത്തിയിട്ടുള്ള ശ്രദ്ധേയമായ ഒരു പ്രസ്താവന ഇന്നു വളരെ പ്രസക്തമാണെന്നു തോന്നുന്നു. Spare no chance to awaken love. സ്നേഹമുണർത്താനും ജ്വലിപ്പിക്കാനും ലഭിക്കുന്ന ഒരു സന്ദർഭവും പാഴാക്കരുത്. ഇതു മതവിശ്വാസിയെന്നോ, നിരീശ്വരനെന്നോ വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരും പിന്തുടരേണ്ട ഒരു ജീവിതപ്രമാണമാണ്.

# യുവജനപ്രസ്ഥാന സംഗമം

എം.സി. പൗലോസ് (ഡാലസ്)



9.3.2008 ഉച്ചകഴിഞ്ഞ് മൂന്നരമണിയോടെ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഹാളിൽ പ്രസിഡണ്ട് റവ. ഫാ. ഏബ്രഹാം ഇടമ്പാടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യുവജനപ്രസ്ഥാന സംഗമം പ്രൊ. കെ.വി. തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. മുടങ്ങിക്കിടന്ന യുവജനപ്രസ്ഥാനം വീണ്ടും പ്രവർത്തിച്ചുതുടങ്ങിയതിനെക്കുറിച്ച് പ്രസിഡണ്ട് അദ്ധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. വൃദ്ധജനങ്ങളെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ചു ബഹുമാനപ്പെട്ട എം.എൽ.എ. കെ.വി. തോമസ് യുവജനങ്ങളെ ഉദ്ബോധിപ്പിച്ചു. ഇടവകയിലെ 50 വർഷം പിന്നിട്ട ദമ്പതിമാരെ അഞ്ഞൂർ സഭയുടെ അധിപൻ സിറിൽ മാർ ബസേലിയോസ് പൊന്നാട അണിയിച്ച് ആദരിച്ചു. നറുക്കെടുപ്പിൽ ഭാഗ്യദമ്പതികളായ മി. & മിസ്സിസ് മാമ്മൻ, സ്റ്റേജിൽ കേക്കുമുറിച്ചു മധുരം പങ്കിട്ടു. ഓർത്തഡോക്സ് ക്രിസ്ത്യൻ ഫൗണ്ടേഷൻ പ്രസിഡണ്ട് ശ്രീ. ജോർജ്ജ് പോൾ ദമ്പതിമാർക്ക് മെമെന്റോ നൽകി.

സാധുജനങ്ങൾക്കുള്ള അരി വിതരണം തോമസ് മാർ അത്താനോസിയോസ് മെത്രാപ്പൊലീത്ത നിർവ്വഹിച്ചു. സഭയിലെ യുവജനപ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കു വേണ്ടി ഇടവകജനങ്ങൾ സഹായവും സഹകരണവും നൽകണമെന്ന് അദ്ദേഹം പ്രത്യേകം എടുത്തുപറഞ്ഞു. അംഗഭംഗം വന്ന പാവപ്പെട്ടവർക്കായുള്ള വീൽചെയർ വിതരണം, ശ്രീ. കെ. ബാബു എം.എൽ.എ. നിർവ്വഹിച്ചു. യുവജനപ്രസ്ഥാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഡോ. പി. സി. തോമസ് സംസാരിച്ചു. അതിഥികൾക്കും ഇടവകാംഗങ്ങൾക്കും അവരുടെ എല്ലാവിധ സഹായസഹകരണത്തിനും യുവജനപ്രസ്ഥാന സെക്രട്ടറി ശ്രീ. മനോജ് കുര്യാക്കോസ് സ്വാഗതവും കൺവീനർ ശ്രീ. സോണി ജോബ് നന്ദിയും രേഖപ്പെടുത്തി.

അസിസ്റ്റന്റ് വികാരി റവ. ഫാ. ഷിബു കെ. ജോസ്, റവ. ഫാ. പി. ഐ. ജോൺ കോർ എപ്പിസ്കോപ്പ, റവ. ഫാ. കെ. കെ. കുര്യാക്കോസ് കോർ എപ്പിസ്കോപ്പ, റവ. ഫാ. ടി.ടി. ജോൺ കോർഎപ്പിസ്കോപ്പ, റവ. ഫാ. ബിജു എബി മാത്യൂ മുതലായവരുടെ സാന്നിദ്ധ്യം സദസ്സിനെ ധന്യമാക്കി.

## കുടുംബ വിശേഷങ്ങൾ

### വിശേഷദിവസങ്ങൾ

**ഏപ്രിൽ**

23. ബുധൻ : വി. ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മ

**മെയ്**

1. വ്യാഴം : സ്വർഗ്ഗാരോഹണ പെരുന്നാൾ

3. ശനി : മോറോൻ മാർ ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്ക ബാവായുടെ ഓർമ്മ (പാമ്പാക്കുട)

11. ഞായർ : പെന്തക്കോസ്തി ഞായർ. കത്തീഡ്രലിൽ 7ന് ആരംഭിക്കുന്ന വി. കുർബാന മാത്രം

15 വ്യാഴം : കതിരുകൾക്കു വേണ്ടി ദൈവമാതാവിന്റെ ഓർമ്മ

16 വെള്ളി : സ്വർണ്ണ വെള്ളിയാഴ്ച. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പൊലീത്തയുടെ ഓർമ്മ ( കൊരട്ടി സിയോൻ സെമിനാരി)

### നിര്യാതരായി



തേവര S.I West Waters ൽ പുരക്കൽ **ശ്രീമതി മേരി ജോസഫ് (കുഞ്ഞുമോൾ – 78)** 2008 മാർച്ച് 11ന് നിര്യാതയായി. എളംകുളം സെമിത്തേരിയിൽ സംസ്കാരം നടത്തി. പരേതനായ ശ്രീ. പി. ജെ. ജോസഫിന്റെ ഭാര്യയും, കോട്ടയം തൈത്തറയിൽ (തുകലൻ) കുടുംബാംഗവുമാണ്.

അരൂർ മുണ്ടകത്തിൽ മിസ്സിസ് അന്നമ്മ ചാണ്ടപ്പിള്ളയുടെ മാതാവ് **അന്നമ്മ മാത്യു (86)** 2008 മാർച്ച് 3 ന് നിര്യാതയായി. സംസ്കാരം ഇളംകുളം സെമിത്തേരിയിൽ നടത്തി.

*കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു*

## അഭിനയം

ഒരിക്കൽ വളരെ നിരാശനായ ഒരാൾ ഡോക്ടറെ സമീപിച്ചു. അയാൾ വളരെ ക്ഷീണിതനും മറ്റുള്ളവരെ അഭിമുഖീകരിക്കുവാൻ താത്പര്യമില്ലാത്തവനുമായിരുന്നു. ഡോക്ടർ പരിശോധിച്ചിട്ട് അയാൾക്ക് ഒരു ശാരീരിക അസുഖവുമില്ലാത്തവനാണെന്ന് മനസ്സിലാക്കി. അയാൾക്ക് മനസ്സന്തോഷമാണ് ആവശ്യം എന്നു മനസ്സിലാക്കി അയാളോട് അപ്പോൾ പട്ടണത്തിൽ നടന്നുകൊണ്ടിരുന്ന സർക്കസിനെയും അതിലെ കോമാളിയേയും കുറിച്ച് പറഞ്ഞു. ആ കോമാളി എല്ലാവരെയും സന്തോഷിപ്പിക്കുന്നയാളാണെന്നും അയാളുടെ സർക്കസ് കാണണമെന്നും ആവശ്യപ്പെട്ടു. അപ്പോൾ അയാളുടെ മറുപടി കേട്ട ഡോക്ടർ അമ്പരന്നുപോയി. "ആ സർക്കസ് കണ്ടാൽ എന്റെ രോഗം മാറുകയില്ല ഡോക്ടർ; എന്തെന്നാൽ ആ സർക്കസിലെ കോമാളി ഞാൻ തന്നെയാണ്." പലരും ആ കോമാളിയെപ്പോലെ മനസ്സിലുള്ളത് ഒളിച്ചുവച്ച് സന്തോഷഭാവം കാണിക്കുന്നവരാണ്.

നമ്മുടെ കഴിവിൽമാത്രം വിശ്വസിക്കുകയും, നമ്മെക്കൊണ്ട് എല്ലാം സാധിക്കുമെന്ന് കരുതുകയും ചെയ്യാതെ, അഭിനയം നിർത്തി ദൈവത്തോടടുത്താൽ മാത്രമേ മനസ്സമാധാനം ലഭിക്കുകയുള്ളൂ.

*Sponsored by:*

*A Well Wisher*

# പരാജയങ്ങളെ വിജയത്തിലെത്തിക്കുക

**മേരിവർഗ്ഗീസ്, മെറിലാൽ ഭവൻ**

നമ്മുടെ മനസ്സിന് തളർച്ചയും, നിരാശയും കൊണ്ടുവരുന്നത് സാത്താനാണ്. അതിനാൽ സകലകാര്യങ്ങളും ദൈവത്തിന്റെ മുമ്പിൽ സമർപ്പിച്ച്, പാഠം ഉൾക്കൊണ്ട് സകലതും ദൈവത്തിന് വിട്ടുകൊടുത്ത്, നേടിയെടുക്കാവുന്നതിനെ ലക്ഷ്യം വയ്ക്കുക.

1914 ഡിസംബർ 9–ാം തീയതി അമേരിക്കയിലെ പ്രശസ്തമായ എഡിസൺ ഇൻഡസ്ട്രീസ് കത്തിച്ചാമ്പലായി. ശാസ്ത്രലോകത്ത് ഒന്നിനുപുറകെ ഒന്നായി ഒട്ടേറെ കണ്ടുപിടുത്തങ്ങൾ നടത്തിയ തോമസ് ആൽവ എഡിസന്റെ സമ്പാദ്യം മുഴുവൻ അന്ന് അഗ്നിക്കിരയായി. ഏകദേശം 20 ലക്ഷം ഡോളർ. പക്ഷേ എഡിസൻ പതറിയില്ല. ആകുലചിന്തകൾ അദ്ദേഹത്തെ കാർന്നു തിന്നില്ല. അദ്ദേഹം വീണ്ടും ജോലിതുടങ്ങി. മൂന്നാഴ്ച പിന്നിട്ടപ്പോഴേക്കും ആദ്യത്തെ ഫോണോഗ്രാഫ് ലോകത്തിന് സമ്മാനിക്കാൻ എഡിസനു സാധിച്ചു.

എഡിസൻ തനിക്കുവന്ന ദുഃഖത്തെക്കുറിച്ചോർത്ത് സമയം നഷ്ടപ്പെടുത്താതെ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് പുതിയ കണ്ടുപിടുത്തത്തെ മനസ്സിൽക്കണ്ട് പരിശ്രമിച്ച് വിജയത്തിൽ എത്തിച്ചു.

പരിശുദ്ധനായ പൗലോസ് ശ്ലീഹ, ഫിലിപ്പിയർക്ക് എഴുതിയ ലേഖനം 3:14 – ൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. പിന്നിലുള്ളത് മറന്നും, മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ പരമവിളിയുടെ വിരുതിനായി ലാക്കിലേയ്ക്ക് ഓടുക.

നമ്മളും കഴിഞ്ഞുപോയ പരാജയങ്ങളേയും, വീഴ്ചകളേയും ഓർത്ത് വേദനിച്ച് ഇനി ജീവിതത്തിൽ ഉയർച്ച ഉണ്ടാവുകയില്ല എന്നവിചാരത്തോടുകൂടി കണ്ണുനീർ വാർക്കുന്നുണ്ടാകും. ഈ വ്യാകുലത നിരാശയുടെ പടുകുഴിയിലേക്ക് വീഴുന്നതിന് കാരണമായിത്തീരുകയും ചെയ്യും. അന്ധകാരത്തിൽപ്പെട്ട് തപ്പിത്തടയുന്ന മനുഷ്യന് പ്രത്യാശയുടെയും പ്രതീക്ഷയുടെയും പ്രകാശകിരണങ്ങൾ വിതറിക്കൊണ്ട് ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു(യെശ് 41:10) നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടി ഉണ്ട്, ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും, ഞാൻ നിന്നെ സഹായിക്കും, എന്റെ നീതിയുള്ള വലംകൈകൊണ്ട് ഞാൻ നിന്നെ താങ്ങും. ഈ ദൈവവചനങ്ങൾ ആയിരിക്കട്ടെ നമ്മുടെ വഴികാട്ടിയും, ബലവും, ശക്തിയും.

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Cathedral, Ernakulam. Phone : 0484-2352490, 2365827**
***Email: georgekaithayil@yahoo.com***

***For Private Circulation only***